# SUMMATIVE ASSESSMENT - I

## SEPTEMBER 2014

## GRADE IX

*Subj:* **MALAYALAM** *Max Marks : 90*
*Time: 3 Hrs.*

---

## 'എ' വിഭാഗം

**I. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ഒരു ശിശുവിൻെറ വിദ്യാഭ്യാസം കേവലം ഭാഷയും ഗണിതവും കൊണ്ട് പൂർത്തിയാകുമോ? ഒരിക്കലുമില്ല. അനേകായിരം സംവത്സരങ്ങളിലൂടെ നാം നേടിയ അഖണ്ഡ മായ സാംസ്കാരിക പൈതൃകം തന്നെ അവനു പരിചയപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. അമൂല്യമായ ഈ വിജ്ഞാന സമ്പത്തിനെ സാമൂഹ്യമെന്നും ശാസ്ത്രീയമെന്നും രണ്ടായി തിരിക്കാം. മനുഷ്യൻ മനുഷ്യനുമായി ഇടപഴകിയതിൽ നിന്നുണ്ടായതാണ് സാമൂഹ്യ വിജ്ഞാനം. പ്രകൃതിയും മനുഷ്യനുമായി മേളിച്ചതിൽ നിന്ന് ഉടലെടുത്തതാണ് ശാസ്ത്രം. ചരിത്രം, സാമൂഹ്യ ശാസ്ത്രം, സാമ്പത്തിക വിജ്ഞാനീയം, പൗരധർമ്മം മുതലായവ ആദ്യത്തേതിനെ ഉദാഹരിക്കുന്നു. രണ്ടാമത്തേതിൽ രസതന്ത്രം, ഊർജ്ജതന്ത്രം, ജീവശാസ്ത്രം മുതലായവ പെടുന്നു. ആധുനിക ജീവിതത്തിൻെറ വിജയകരമായ പങ്കാളിത്തത്തിന് ഇവയെക്കുറിച്ചുള്ള വിജ്ഞാനം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ഈ രണ്ടുശാഖകളിലും നാം നേടിയ നേട്ടങ്ങളുടെ ഒരു സാമാന്യരൂപം ശിശുവിന് നൽകുന്നതിന് വിദ്യാഭ്യാസം ശ്രമിക്കുന്നു.

**ചോദ്യങ്ങൾ**

1. ശിശുവിന് വിദ്യാഭ്യാസത്തിലൂടെ നാം പരിചയപ്പെടുത്തിക്കൊടുക്കേണ്ടത് എന്താണ്? 2
2. വിദ്യാഭ്യാസം കൊണ്ട് നാം ശ്രമിക്കുന്നതെന്താണ് ? 2
3. ശാസ്ത്രം ഉടലെടുത്തതെങ്ങനെയാണ്? 2
4. സാമൂഹ്യ വിജ്ഞാനം എങ്ങനെയാണുണ്ടായത്? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## 'ബി' വിഭാഗം

II 1) **നിങ്ങളുടെ സ്കൂൾ പരിസരത്തുള്ള ചപ്പുചവറുകൾ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡൻറിന് ഒരു കത്ത് തയ്യാറാക്കുക.** 8

2) **അഞ്ചോ ആറോ വാക്യത്തിൽ ആശയം വിശദമാക്കുക.** 3

'ശീലിച്ചതേ പാലിക്കൂ'
അല്ലെങ്കിൽ
"ബന്ധുരക്കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ"

3) **ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക.** 2

1. അടി തെറ്റുക
2. മുതലക്കണ്ണീർ
3. ഉരുളയ്ക്കുപ്പേരി
4. നക്ഷത്രമെണ്ണുക

4) **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക** 7

1. മനുഷ്യ പുരോഗതിയിൽ ശാസ്ത്രം വഹിക്കുന്ന പങ്ക്
2. വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം
3. മതസൗഹാർദം

## 'സി' വിഭാഗം

III. 1) **പ്രയോഗം മാറ്റുക**

1. ഫാക്ടറിയുടമ തൊഴിലാളികളെ നിരീക്ഷിക്കുന്നു 1
2. രാത്രിയുടെ ഓരോ ദീനസംഗീതവും അവൻ കേട്ടു. 1

2) **മഹാവാക്യമാക്കുക.** 1

അച്യുതൻമാഷ് പ്രസിഡൻറാവണം എന്ന അഭിപ്രായം രാമവാര്യർ ഉന്നയിച്ചു. യോഗാംഗങ്ങളെല്ലാവരും പിൻതാങ്ങി.

3) **തെറ്റുണ്ടെങ്കിൽ തിരുത്തുക**

1. മനുഷ്യനെ തൻെറ സ്വന്തം അധ്വാനഫലത്തിൽ നിന്ന് അന്യനാക്കുന്ന യന്ത്രവൽകൃത സമൂഹത്തിനെതിരെയാണ് ചാപ്ലിൻെറ ആധുനികകാലം എന്ന സിനിമ സംസാരിക്കുന്നത്. 1
2. അവരുടെ പൊട്ടിച്ചിരിയും കരച്ചിലോ ആ പഴയ വീടിൻെറ ഇരുട്ടിലെവിടെയൊക്കെയോ കേട്ടു എന്നുമാത്രം. 1

4) **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** 2

1. എത്താമെന്ന്
2. അയാൾ

5) **ശരിയായ വിപരീതപദമെഴുതുക** 1

ബാഹ്യം (ആന്തരം,ആരംഭം, അന്തരം, അനന്തരം)

6) **ശരിയായ പര്യായപദങ്ങളെഴുതുക** 1

ആദിത്യൻ (അർക്കൻ, അർഭകൻ, അമലൻ, സൂര്യൻ)

7) **ശരിയായ നാനാർഥപദങ്ങളെഴുതുക** 1

ദണ്ഡം (മാപ്പ്, പിഴ, രോഗം, ശിക്ഷ)

8) **ശരിയായ അർഥവ്യത്യാസമെഴുതുക** 1

അൻപ് – അമ്പ്

(വില്ല്, ദയ, അസ്ത്രം, താൽപര്യം)

9) **ശരിയായ എതിർലിംഗമെഴുതുക** 1

മാന്യൻ (മാനി, മാനിനി, മാന്യ, വിമാന്യൻ)

## 'ഡി' വിഭാഗം

**IV. (1) ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** 6

1. മനുഷ്യന്റെ വസന്തകാലം ഏതാണെന്നാണ് അച്യുതൻ മാഷിന്റെ അഭിപ്രായം?
   (ബാല്യകാലം, യുവത്വം, വാർധക്യം, ശൈശവം)
2. ചാപ്ലിന്റെ 'മോഡേൺ ടൈംസ്' എന്ന സിനിമ ആരുടെ പക്ഷമാണ് ചേരുന്നത്?
   (സമ്പന്നന്റെ, തൊഴിലാളിയുടെ, ദരിദ്രന്റെ. മുതലാളിയുടെ)
3. "മനുഷ്യാവസ്ഥയെപ്പറ്റി നമുക്കൊന്നും പറയാൻ പറ്റില്ല" – ആരാണിങ്ങനെ പറഞ്ഞത്?
   (അമ്മാളു, ജാമാതാവ്, കുറുപ്പ്, മാലതി)
4. 'അങ്ങേ വീട്ടിലേക്ക്' എന്ന കവിത ഏത് ഗ്രന്ഥത്തിൽനിന്നെടുത്തതാണ്?
   (തത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ, നിവേദ്യം, സഫലമീയാത്ര, സാഹിത്യമഞ്ജരി)
5. നല്ലവാക്കോതുന്നോർ കുട്ടികളോട് എന്തു കാട്ടില്ല എന്നാണ് കവിതയിൽ പറയുന്നത്?
   (സ്നേഹം, ക്രൂരത, ദേഷ്യം, വെറുപ്പ്)
6. 'ഒരു ചെറു പുഞ്ചിരി' എന്ന തിരക്കഥ ആരെഴുതിയതാണ്?
   (ഇടശ്ശേരി ഗോവിന്ദൻ നായർ, വള്ളത്തോൾ, ബാലാമണിയമ്മ, എം. ടി. വാസുദേവൻ നായർ)

**(2) ഉത്തരമെഴുതുക**

1. ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ചാപ്ലിന്റെ ഉൽക്കണ്ഠയെന്ത്? 4
2. 'വഞ്ചിമുങ്ങിയില്ല വാര്യരേ' – സന്ദർഭവും ആശയവും വ്യക്തമാക്കുക. 4
3. ചെറുവാരെ ശങ്കരങ്കുട്ടി പുതിയ തലമുറയുടെ മനോഭാവത്തെക്കുറിച്ച് പറഞ്ഞതെന്തെല്ലാം? 4
4. തോട്ടത്തിലേക്കിറങ്ങിയപ്പോൾ ദു:ഖച്ഛായമാറി അമ്മാളുവിന്റെ മുഖം ശാന്തമാവാൻ കാരണമെന്ത്? 4

(3) 1 'പന്തികേടെന്തോ തോന്നി മിത്രങ്ങളന്വേഷിച്ചു' – മിത്രങ്ങൾക്ക് പന്തികേടു തോന്നാൻ കാരണമെന്ത്? എന്താണവർ അന്വേഷിച്ചത്? 4

2. കൂട്ടുകാരനെത്താൻ താമസിച്ചതുകൊണ്ട് എന്തൊക്കെ സംഭവിച്ചു എന്നാണ് കുട്ടി പറയുന്നത്? 4

3. 'അങ്ങേ വീട്ടിലേക്ക്' എന്ന കവിതയിലൂടെ കവി വ്യക്തമാക്കുന്നതെന്ത് 4

4. കൂട്ടുകാരൻെറ വീട്ടിൽ ചെന്നപ്പോൾ കുടുംബാംഗങ്ങളുടെ പ്രതികരണമെങ്ങനെയായിരുന്നു? 4

(4) **ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **10**

1. നരേന്ദ്രൻെറ ബാല്യകാലം വിവരിക്കുക
2. ശ്രീരാമകൃഷ്ണപരമഹംസനും നരേന്ദ്രനും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തെക്കുറിച്ചു വിവരിക്കുക.
3. രായിപ്പൂരിലേക്കുള്ള യാത്രയിൽ നരേന്ദ്രന് ഉണ്ടായ അനുഭവം വിവരിക്കുക.

-----------------------